ജനുവരി 2023

# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്, അയ്യന്തോൾ






ആരെയും
ആകർഷിക്കുന്ന
3
ഓഫറുകൾ
ഏറ്റവും കുറഞ്ഞ
പലിശ നിരക്ക്
ഞൊടി ഇടയിൽ പണം
നിങ്ങളുടെ കയ്യിൽ
തികച്ചും സുരക്ഷിതവും
സുതാര്യവുമായ
ഇടപാടുകൾ
കുറഞ്ഞ ലാഭം
കൂടിയ അംഗീകാരം
CHERUPUSHPAM
GOLD LOAN
Olarikkara, Pullazhi P.O,Thrissur 680012
Ph 2360846,2360202,2365890
Customer Care : 8547667788,8547778899
ജോളി സ്റ്റീഫൻ
ഡോ : ജോയ് ആന്റോ




# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്
അയ്യന്തോൾ, തൃശ്ശൂർ – 680003
ഫോൺ: 9778346027
Email:mariyanadham.info@gmail.com
www.ayyantholechurch.com

പുസ്തകം 29
ജനുവരി 2023
ലക്കം 1

## പത്രാധിപസമിതി

**ചീഫ് എഡിറ്റർ**
ഫാ. **ജെയ്സൻ പുന്നശ്ശേരി** +91 9526131319

**മാനേജിംഗ് എഡിറ്റർ**
ശ്രീ. **ജേക്കബ് തോലത്ത്** +91 9495565910

**അസോസിയേറ്റഡ് എഡിറ്റേഴ്സ്**
ശ്രീമതി. **ഗ്രേസി ജോണി വടക്കേത്തല** +91 8129978716
ശ്രീ. അഡ്വ. **നെറ്റോ നെല്ലിശ്ശേരി** +91 9847970504

**ട്രഷറർ**
ശ്രീമതി **ത്രേസ്യാമ്മ ജേക്കബ് തോലത്ത്** +91 7306711871

**എഡിറ്റോറിയൽ മെമ്പേഴ്സ്**
റവ. സി. **കാതറിൻ CHF** +91 9497301738
ശ്രീ. **ജെയ്സൺ കുള** +91 9495062073
ശ്രീ. **ടോണി തരകൻ** +91 9447728883
ശ്രീ. **ജെയിംസ് കളപുരയ്ക്കൽ** +91 9847551115
ശ്രീ. **ജോഫിൻ കൊളങ്ങര** +91 8943554456
ശ്രീ. **ജോർജ്ജ് കൈപ്പറമ്പിൽ** +91 9447458560
ശ്രീ. **ഫ്രാൻസീസ് അറങ്ങാശ്ശേരി** +91 9847484720
ശ്രീമതി **സ്റ്റാർലിൻ വർഗ്ഗീസ്** +91 9496093192

**എക്സ് ഒഫിഷ്യോ മെമ്പർമാർ**
ശ്രീ. **മേജോ കെ.ജെ** +91 9847865010
(കേന്ദ്രസമിതി കൺവീനർ)
ശ്രീമതി **ജോർളിൻ ജോഷി** +91 9544962005
(കേന്ദ്രസമിതി സെക്രട്ടറി)

**നടത്തുകൈക്കാരൻ**
ശ്രീ. **ജോഷി പോൾ കരേരക്കാട്ടിൽ** +91 9847888290

## ഇടവക പള്ളിയിലെ വിശുദ്ധ കുർബ്ബാന സമയം

സാധാരണ ദിവസം – 6.30 a.m
ഞായർ – 6.30 a.m 9.45 a.m

## ഈ ലക്കത്തിൽ

| | |
|---|---|
| എഡിറ്റോറിയൽ | 02 |
| ഇടയശബ്ദം | 03 |
| ഓർമ്മിക്കുക ആചരിക്കുക | 05 |
| പ്രതിനിധിയോഗ വാർത്തകൾ | 06 |
| വിശ്വാസപരിശീലന വാർത്തകൾ | 07 |
| തിരുനാൾ തിരുക്കർമ്മങ്ങൾ | 09 |
| സമ്മാനത്തിന് അർഹരായവർ | 13 |
| വിശ്വാസ വഴിയിലെ സംശയങ്ങൾ | 17 |
| ബൈബിൾ ക്വിസ് | 18 |
| നിയമാവബോധം | 20 |
| ഒരു കടൽത്തീരത്തിന്റെ ഓർമ്മ | 22 |
| വീണ്ടുമൊരു പുതുവർഷപ്പുലരി | 23 |
| ഫ്രണ്ട്ഷിപ്പ് | 24 |
| ശിക്ഷണം ആവശ്യമോ? | 25 |
| തൊട്ടറിഞ്ഞ ഈശോ | 26 |
| ഞങ്ങൾ വരവായി | 27 |
| ഞങ്ങൾ യാത്രയായി | 27 |
| ഇടവകയിൽനിന്നും മാറിപോയവർ | 27 |
| അടിക്കുറിപ്പ് മത്സരം | 28 |

**നടത്തുകൈക്കാരൻ**
ശ്രീ. **ജോഷി പോൾ കരേരക്കാട്ടിൽ**
+91 9847888290

## പള്ളി ഓഫീസ് സമയം

| | |
|---|---|
| സാധാരണ ദിവസങ്ങളിൽ | 7.00 a.m. - 8.00 a.m. |
| | 6.00 p.m. - 8.30 p.m. |
| ഞായർ | 10.30 a.m. - 12.30 p.m. |

**തിങ്കൾ അവധി**

കപ്യാർ : വിൽസൺ ആളൂർ കൊക്കൻ – +919745844551

# എഡിറ്റോറിയൽ

ഇതാ പുതുപുത്തൻ പ്രതീക്ഷകളുമായി 2023 നമ്മുടെ മുമ്പിൽ വന്നെത്തി. പിതാവിന്റെ അനന്തസ്നേഹം തൊട്ടറിഞ്ഞ ധൂർത്തപുത്രന്റെ മനോഭാവത്തോടെ നമുക്ക് തിരിച്ചുവരാം. അത്തിവൃക്ഷത്തിന്റെ ചുവട് കിളച്ച് വളമിട്ട് നിറയെ ഫലം പുറപ്പെടുവിക്കാൻ ഇനി വൈകിക്കൂടാ. എത്രയോ പേർ കാണാതെ പോയ ഈ 2023 നെ കൈയെത്തിപ്പിടിക്കാൻ അനുവദിച്ച നല്ല തമ്പുരാന് നമ്മെപ്പറ്റി ഏറെ പ്രതീക്ഷകളുണ്ട്. കഴിഞ്ഞകാല വീഴ്ചകളെ പ്രതി സമയം നഷ്ടപ്പെടുത്താതെ മുന്നിലുള്ള പുണ്യമുഹൂർത്തങ്ങൾക്കായി കാതോർക്കുക. ഗത്സമെനിയിൽ തളർന്നുറങ്ങിയ ശിഷ്യന്മാരെപ്പോലെയാവരുതല്ലോ നമ്മൾ. അവിടുന്നു വച്ചുനീട്ടുന്ന പുണ്യദാനങ്ങൾ ആയിരിക്കുന്ന അവസ്ഥയിൽ ഉൾക്കൊള്ളാനുള്ള അർപ്പണമനോഭാവത്തോടെ വേണം മുന്നേറാൻ. ഒരു പുതിയാകാശത്തിനും ഒരു പുതിയ ഭൂമിക്കുമായി നമുക്ക് കൈകോർക്കാം; പുതുസൃഷ്ടിയാവാൻ!

ദൈവരാജ്യത്തെ ഒരു വിരുന്നായി ഉപമിച്ചപ്പോൾ ലളിതമായ ഒരത്താഴം കൊണ്ട് അവൻ അതിനെ പൂട്ടിക്കളഞ്ഞു. ക്രിസ്തു എന്ന വാതിലിലൂടെ മാത്രം അതിൽ പ്രവേശിക്കാനാവൂ. അതെ ജീവിതത്തിന്റെ ലളിതമായ തിരിച്ചറിവുകളിലൂടെ ക്രിസ്തുവിനെ കണ്ടെത്തണം - സിക്കമൂർ മരത്തിലോ, പള്ളിയുടെ പിന്നിൽ ചങ്കത്തടിക്കുന്ന നേരത്തോ, നിസ്സഹായനായ നല്ല കള്ളന്റെ ഹൃദയവിലാപത്തിലോ ആവാം. ഒരു മണിക്കൂർ ജോലിചെയ്തവനെ മറ്റു ജോലിക്കാരോട് ക്രിസ്തു തുല്യനാക്കിയതോർക്കുന്നില്ലേ? വാക്കിലും പ്രവൃത്തിയിലും ക്രിസ്തു എന്ന വ്യക്തിത്വത്തെ നമുക്ക് അനുകരിക്കണം, പിൻതുടരണം. രക്ഷ പ്രാപിക്കാൻ ഇതിനപ്പുറമെന്തു വേണം.

പ.അമ്മയുടെ മാതൃത്വം എന്ന സ്ഥാനം AD 449 ൽ എഫേസൂസ് സൂനഹദോസിൽ വച്ചാണ് പ്രഖ്യാപിച്ചത്. അമ്മയുടെ ദൈവമാതൃത്വതിരുന്നാളോടെയാണ് നവവത്സരം ആരംഭിക്കുന്നത്. വർഷാരംഭത്തിലുള്ള ഈ ഉണർവും ഉന്മേഷവും ആണ്ടുമുഴുവനും നമ്മിൽ കത്തിജ്വലിക്കാൻ ഉള്ള കൃപയ്ക്കായി അമ്മ മാതാവ് നമ്മെ സഹായിക്കട്ടെ. ഒപ്പം തിരുന്നാളാഘോഷവേളയിൽ ലോകം നേരിടുന്ന രോഗഭീതികളിൽ നിന്ന് സംരക്ഷണത്തിനായി വിശുദ്ധ സെബസ്ത്യാനോസിന്റെ മദ്ധ്യസ്ഥം നമുക്ക് യാചിക്കാം. പുതുവർഷത്തിന്റെയും തിരുനാളിന്റെയും മംഗളങ്ങൾ നേർന്നുകൊണ്ട്,

പത്രാധിപസമിതി

പത്രാധിപസമിതി.

# ഇടയശബ്ദം



ആഗതമാകുന്ന പുതുവത്സരത്തിന്റെ മംഗളങ്ങൾ സ്നേഹത്തോടെ ആശംസിക്കുന്നു

പുത്തനാണ്ടിലേക്ക് പ്രവേശിക്കാനൊരുങ്ങുന്ന ഈ നാളിൽ ഹൃദയം നിറഞ്ഞ സന്തോഷം നൽകുന്ന ഒരു വാർത്ത ദീപിക പത്രത്തിൽ ഡിസംബർ 22-ാം തിയതി വ്യാഴാഴ്ച വായിക്കുകയുണ്ടായി. ജീവൻ നൽകിയ പിതാവിന് വേണ്ടി കരൾ പകുത്തുനൽകിയ ദേവനന്ദയുടെ നിശ്ചയദാർഢ്യത്തിന്റെയും പിതൃസ്നേഹത്തിന്റെയും ധീരതകണ്ട് ഒത്തിരി സന്തോഷമായി. ഒരു മകൾക്ക് ഇതിൽപരം എന്താണ് തന്റെ പിതാവിന് വേണ്ടി തിരികെ നൽകാനാകുക. നമ്മുടെ തൊട്ടടുത്തുള്ള കോലഴിയിലാണിത് സംഭവിച്ചത്. മറ്റാരുടെയും കരൾ അനുയോജ്യമാകാതെ വന്നപ്പോൾ 17 വയസ്സ് മാത്രം പ്രായമുള്ള പ്രായപൂർത്തിയാകാത്ത മകൾ കോടതിവിധിയിലൂടെ ഈ തീരുമാനത്തിന് അനുമതി തേടി. പുതുതലമുറയെ വളരെ പ്രതീക്ഷയോടെ കാണാൻ കഴിയുന്ന വലിയൊരു ത്യാഗത്തിന്റെ ഓർമ്മപ്പെടുത്തലാണിത്.

ഇടവകമദ്ധ്യസ്ഥയായ പരിശുദ്ധ കന്യകാമാതാവിന്റെയും വി.സെബസ്ത്യാനോസിന്റെയും സംയുക്ത തിരുനാൾ ആഘോഷിക്കാനൊരുങ്ങുമ്പോൾ ആ മഹനീയ വ്യക്തിത്വത്തിന്റെ മുമ്പിൽ നാം എത്രമേൽ വിശ്വാസ പരിത്യാഗപ്രവൃത്തികളിൽ വളർന്നുവെന്ന് ആത്മപരിശോധന നടത്തുന്നത് നല്ലതാണ്. കൈയിലുള്ള പണസഞ്ചിയുടെ കിഴി തുറന്ന് അതിൽ ഏറ്റവും ചെറിയ നാണമെടുത്ത് ഭണ്ഡാരത്തിലിട്ട ഫരിസേയനാണോ അതോ വിധവയുടെ കൊച്ചുകാശാണോ നമ്മുടെ inspiration. ആരാണ് നമ്മുടെ റോൾ മോഡൽ?

വി. പോർഫിറേസ് ഇപ്രകാരം പറയുന്നു: "ക്രിസ്തു നിങ്ങളിൽ ഇല്ല എങ്കിൽ അസൂയയും വെറുപ്പും ധനമോഹവും നിസംഗതയും തുടങ്ങിയ പല ലൗകിക തിന്മകളാലും തൃഷ്ണകളാലും നിങ്ങൾ നിറയും. അതിനാൽ നിങ്ങളുടെ ആത്മാവിനെ ക്രിസ്തുവിനാൽ നിറയപ്പെടട്ടെ" യെന്ന്. നമ്മുടെ ഗലാത്തിയായിലെ സഭയിലേക്കുള്ള ലേഖനത്തിൽ പറയുന്നപോലെ "സഹോദരരേ, സ്വാതന്ത്ര്യത്തിലേക്ക് നിങ്ങൾ വിളിക്ക

പ്പെട്ടിരിക്കുന്നത്; ഭൗതിക സുഖത്തിനുള്ള സ്വാതന്ത്ര്യമായി അതിനെ ഗണിക്കരുതെന്ന് മാത്രം." (ഗലാ. 5:13). സ്നേഹത്തിന്റെ, ത്യാഗത്തിന്റെ, ആത്മപരിത്യാഗത്തിന്റെ, പകുത്തുനൽകലിന്റെ ഒരു ദൈവശാസ്ത്രം ഇനിയും നമുക്ക് സ്വന്തമാക്കാൻ കഴിയേണ്ടതുണ്ട്. എന്താണ് ഈ പുതുവർഷത്തിൽ നാം ചെയ്യേണ്ടത്? എഫേസൂസക്കാർക്കുള്ള ലേഖനത്തിൽ വി. പൗലോസ് അപ്പസ്തോലൻ പറയുന്നു, "നിങ്ങൾ ഇനിയൊരിക്കലും വ്യർത്ഥചിന്തയിൽ കഴിയുന്ന വിജാതീയരെപ്പോലെ ജീവിക്കരുത്. ഹൃദയകാഠിന്യം നിമിത്തം അജ്ഞത ബാധിച്ച അവർ ബുദ്ധിയിൽ അന്ധകാരം നിറഞ്ഞ് ദൈവത്തിന്റെ ജീവനിൽ നിന്ന് അകറ്റപ്പെട്ടിരിക്കുന്നു. അവർ മനസ്സു മരവിച്ച് ഭോഗാസക്തിക്കു തങ്ങളെ തന്നെ സമർപ്പിച്ചു. എല്ലാത്തരം അശുദ്ധികളിലും ആവേശത്തോടെ മുഴുകി. പക്ഷേ ഇതല്ല നിങ്ങൾ ക്രിസ്തുവിൽ നിന്നും പഠിച്ചത്." (എഫേ. 4:17-20). പൗലോസ് ശ്ലീഹായുടെ ഈ വാക്കുകൾ നമുക്ക് പ്രചോദനവും പ്രേരണയുമാകട്ടെ.

ഒത്തിരി സ്നേഹത്തോടെ

**ജെയ്സനച്ചൻ**


# St Mary's Assumption Church Ayyanthole Mariyanadham Parish Bullettin

## Advts. New Tariff Rates

**Multi-colour Advts.**

| | |
|---|---|
| Front Inner Cover Page | : Rs. 2000/- |
| Back Inner Cover Page | : Rs. 1800/- |
| Back Cover Page | : Rs. 2800/- |
| Centre Spread Two Pages | : Rs. 3200/- |
| Inside Any Full Page | : Rs. 1500/- |
| Inside Any Half Page | : Rs. 750/- |

**Black & White Advts.**

| | |
|---|---|
| Inside Any Full Page | : Rs. 900/- |
| Inside Any Half Page | : Rs. 500/- |

**Discounts**

One year Colour / B&W Advts. : 10%



# ഓർമ്മിക്കുക ആചരിക്കുക

## ജനുവരി 2023

| | | |
|---|---|---|
| 1.1.2023 | ഞായർ | പുതുവത്സരാശംസകൾ |
| 2.1.2023 | തിങ്കൾ | വി. ചാവറ കുരിയാക്കോസ് ഏലിയാസ് |
| 4.1.2023 | ബുധൻ | വി. എലിസബത്ത് |
| 5.1.2023 | വ്യാഴം | വി. ജോൺ നോയിമാൻ |
| 6.1.2023 | വെള്ളി | ദനഹ തിരുനാൾ |
| 7.1.2023 | ശനി | വി. റെയ്മണ്ട് |
| 8.1.2023 | ഞായർ | വി. ക്ളൗഡിയൂസ് |
| 11.1.2023 | ബുധൻ | വി. തെയോഡോഷ്യസ് |
| 13.1.2023 | വെള്ളി | വി. ഹിലരി |
| 14.1.2023 | ശനി | വാഴ്ത്തപ്പെട്ട ദേവസഹായം പിള്ള |
| 15.1.2023 | ഞായർ | വി. മക്കാരിയൂസ് |
| 16.1.2023 | തിങ്കൾ | ജോസഫ് വാസ് |
| 19.1.2023 | വ്യാഴം | വി. മാരിയൂസ് |
| 20.1.2023 | വെള്ളി | വി. സെബസ്ത്യാനോസ് |
| 21.1.2023 | ശനി | വി. ആഗ്നസ് |
| 22.1.2023 | ഞായർ | വി. വിൻസെന്റ്, തിരുനാൾ കൊടിയേറ്റം |
| 23.1.2023 | തിങ്കൾ | വി. വിൻസെന്റ് പള്ളോട്ടി |
| 26.1.2023 | വ്യാഴം | റിപ്പബ്ലിക് ദിനം |
| 28.1.2023 | ശനി | വി. തോമസ് അക്വീനാസ്, യൂണിറ്റുകളിലേയ്ക്ക് അമ്പ് എഴുന്നള്ളിപ്പ്, തിരുനാൾ കൂട് തുറക്കൽ |
| 29.01.2023 | ഞായർ | വി. എസ്തപ്പാനോസ്, ഇടവക തിരുനാൾ |
| 30.1.2023 | തിങ്കൾ | ലോക സമാധാനദിനം |
| 31.1.2021 | ചൊവ്വ | വി. ജോൺ ബോസ്കോ |

# 21.12.22 തിയ്യതിയിലെ പ്രതിനിധിയോഗ തീരുമാനങ്ങൾ

1. 2022 ഒക്ടോബർ - നവംബർ മാസത്തെ കണക്കുകൾ വായിച്ചു പാസ്സാക്കി.
2. പ്രതിനിധിയോഗതീരുമാനപ്രകാരം കുടുംബകല്ലറകളുടെ പുതുക്കിയ നിരക്ക് താൽക്കാലികമായി മരവിപ്പിച്ചു (Freeze) ചെയ്തു. കുടുംബകല്ലറ നിരക്ക് സംബന്ധിച്ച് വിശദമായി പഠിക്കാൻ സെബി പുളിക്കൻ, നിക്കാളോസ് വടക്കൻ അഡ്വ. ടി.ആർ. രാജീവ്, അഡ്വ. ജെനോ എൻ.എ., മേജോ കെ.ജെ., അഡ്വ. നെറ്റോ എൻ.ജെ., ബെഞ്ചമിൻ വർഗ്ഗീസ്, നാല് കൈക്കാരന്മാർ, വികാരിയച്ചൻ എന്നിവരുടെ ഒരു കമ്മറ്റിയെ ചുമതലപ്പെടുത്തി കമ്മിറ്റി റിപ്പോർട്ട് പ്രതിനിധിയോഗം മുമ്പാകെ സമർപ്പിക്കേണ്ടതാണ്.
3. ഇടവകയിലെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിന് ബെഞ്ചമിൻ വർഗ്ഗീസ്, ജെയിംസ് കളപ്പുരക്കൽ എന്നിവരെ ചുമതലപ്പെടുത്തി.
4. ഇടവക ബോൺ നത്താലെ കൺവീനർ ആയി ശ്രീ. സുരേഷ് ജേക്കബിനെയും രൂപതയിലെ ബോൺ നത്താലെ ഇടവക കൺവീനർ ആയി ശ്രീമതി സ്റ്റാർലിൻ വർഗ്ഗീസിനെയും തെരഞ്ഞെടുത്തു.
5. ക്രിസ്തുമസ് നോമ്പ് വീടൽ ചടങ്ങ് നടത്താൻ തീരുമാനിച്ച് സെബി പുളിക്കനെ കൺവീനർ ആയി തെരഞ്ഞെടുത്തു.
6. പ്രതിനിധിയോഗ സെക്രട്ടറി ആയി അഡ്വ. നെറ്റോ എൻ.ജെ യെ തെരഞ്ഞെടുത്തു.
7. ഇടവകയിൽ ബോൺ നത്താലെ 23-12-2022 ൽ നടത്താൻ തീരുമാനിച്ചു.
8. ക്രിസ്തുമസ് നോമ്പിൽ 25 ദിവസം മുടങ്ങാതെ വി. കുർബാനയിൽ പങ്കെടുത്ത കുട്ടികളെയും ബോൺ നത്താലെയിൽ പങ്കെടുത്ത കുട്ടികളെയും ഉൾപ്പെടുത്തി ഒരു വിനോദ യാത്ര പോകുവാൻ തീരുമാനിച്ചു.

**പ്രതിനിധിയോഗം സെക്രട്ടറി,**
**അഡ്വ. നെറ്റോ.**

# വേർപാടിന്റെ 5–ാം വർഷം

18.01.2023



വടക്കൻ ഷാജു മകൻ

# അമൽ ജോസഫ്

| ജനനം | മരണം |
|---|---|
| 08.12.2001 | 18.01.2018 |

പ്രാർത്ഥനാപൂർവ്വം
അപ്പാപ്പൻ, അമ്മാമ, അപ്പച്ചൻ, അമ്മച്ചി, ചേട്ടൻ & കുഞ്ഞാവ

സെന്റ് ആന്റണീസ് യൂണിറ്റ്

# 8th Wedding
## ANNIVERSARY

**JINTO** 18.01.2023 **AKSHARA**



Kodankandath House
Puthoorkkara P.O. Ayyanthole
Ph : 9645 145 415



*With Best Compliments From*

**Aradhya Maria Jinto & Antonio Chris Jinto**

St. Peter Kudumba Kootaima



# വിശ്വാസ പരിശീലന വാർത്തകൾ

സ്നേഹമുള്ള അദ്ധ്യാപകരേ, മാതാപിതാക്കളേ, വിദ്യാർത്ഥികളേ,

ഡിസംബർ 24-ാം തിയ്യതി ശനിയാഴ്ച വി. കുർഹാനയ്ക്ക് ശേഷം രാവിലെ 7.30ന് ഈ വർഷത്തെ വിശ്വാസപരിശീലനയൂണിറ്റിന്റെ വിദ്യാർത്ഥികൾക്കായുള്ള ക്രിസ്തുമസ് ആഘോഷങ്ങൾക്ക് വികാരിയച്ചൻ റവ. ഫായ ജെയ്സൺ പുന്നശ്ശേരിയച്ചൻ കേക്ക് മുറിച്ചുകൊണ്ട് തുടക്കം കുറിച്ചു. നിർമ്മല കോൺവെന്റ് മദർ സുപ്പീരിയർ റവ സി. കാതറിൻ CHF സന്ദേശം നൽകി. തുടർന്ന് ക്രിസ്തുമസ് ട്രീ, കാരൾഗാനം, കാർഡ് നിർമ്മാണം എന്നീ മത്സരങ്ങൾ വളരെ മനോഹരമായി ക്ലാസ് അടിസ്ഥാനത്തിൽ നടത്തുകയുണ്ടായി. യു.പി. വിഭാഗത്തിൽ Std.V ഉം. HSS വിഭാഗത്തിൽ Std. XI B യും ഓവറോൾ ട്രോഫികൾ കരസ്ഥമാക്കി. പ്രോഗ്രാം കൺവീനർ ശ്രീമതി ജൂലി ടീച്ചറുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയിലെ എല്ലാ അധ്യാപകർക്കും പി.ടി.എ. എക്സിക്യൂട്ടീവ് അംഗങ്ങൾക്കും ലീഡേഴ്സിനും നന്ദി രേഖപ്പെടുത്തുന്നു.

ജനുവരി 22-ാം തിയ്യതി ഞായറാഴ്ച Poor Box ധനസമാഹരണം അവസാനിക്കുകയാണ്. എല്ലാ വിദ്യാർത്ഥികളും അവർക്ക് സാധിക്കാവുന്ന സാമ്പത്തിക സഹായം മാതാപിതാക്കളുടെ സഹായത്തോടെ നൽകുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ഈ വർഷത്തെ വാർഷിക പരീക്ഷയുടെ സമയവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| 12th Feb 2023 | Std. X, XII (2-4 pm) ACC (2-5 pm) |
| 19th Feb 2023 | Std. I, III, V, VII, IX, XI |
| 26th Feb 2023 | Std II, IV, VI, VIII |

Std. 1 മുതൽ 11 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് Term II വിലെ ഭാഗങ്ങൾ മാത്രമേ പരീക്ഷയ്ക്ക് ഉണ്ടായിരിക്കുകയുള്ളൂ. എന്നാൽ Std. XII. ACC വിദ്യാർത്ഥികൾക്ക് First & Second term ഭാഗങ്ങൾ മുഴുവനായും Annal Exam-ന് ഉണ്ടായിരിക്കുന്നതാണ്. വിദ്യാർത്ഥികളുടെ ആത്മാർത്ഥമായ കഠിനാദ്ധ്വാനവും മാതാപിതാക്കളുടെ അകമഴിഞ്ഞ പ്രോത്സാഹനവും ഏറെ സ്നേഹത്തോടെ പ്രതീക്ഷിക്കുന്നു. അങ്ങനെ നമ്മുടെ മക്കൾക്ക് വാർഷിക പരീക്ഷയ്ക്ക് ഉന്നതമായ വിജയം ലഭിക്കട്ടെ എന്ന് ആശംസിക്കുന്നു.

പുതുവത്സരം 2023 കൂടുതൽ നന്മയുടെ മനുഷ്യരാകാൻ, സനേഹത്തിന്റെ സാന്നിധ്യമാകാൻ, അനുഗ്രഹത്തിന്റെ സമ്പത്താകാൻ ഈശോ നമ്മെ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് എല്ലാവർക്കും പുതുവത്സരത്തിന്റെ ആശംസകൾ സ്നേഹപൂർവ്വം നേർന്നുകൊണ്ട്

**ഡോ. ജോയ് കരേരക്കാട്ടിൽ**
(പ്രിൻസിപ്പാൾ)

---

## ഹോളി ട്രിനിറ്റി കുടുംബകൂട്ടായ്മ

ഹോളി ട്രിനിറ്റി കുടുംബകൂട്ടായ്മയുടെ ഡിസംബർ മാസത്തിലെ യോഗം 2022 ഡിസംബർ 18 ന് ശ്രീ. ജോജൻ ചൊവ്വല്ലൂരിന്റെ ഭവനത്തിൽവച്ച് കൂടുകയുണ്ടായി. പ്രാർത്ഥനയോടെ യോഗം ആരംഭിക്കുകയും ശ്രീ. ജോജൻ ചൊവ്വല്ലൂർ യോഗത്തിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്തു. സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു.

2023 ജനുവരി മാസത്തിലെ തിരുനാളിനോടനുബന്ധിച്ച് ബാന്റ്സെറ്റ് ആക്കാമെന്ന് തീരുമാനിച്ചു. ക്രിസ്തുമസ്സിനോടനുബന്ധിച്ച് നടത്തപ്പെടുന്ന കരോൾ ഗാനം, പുൽക്കൂട്, നക്ഷത്രമത്സരം എന്നിവയിൽ യൂണിറ്റ് അംഗങ്ങൾ സജീവമായി പങ്കെടുക്കാമെന്ന് തീരുമാനിച്ചു. സാഹിത്യമത്സരത്തിൽ സമ്മാനർഹയായ ശ്രീമതി. ശോഭന ആന്റോയെ പ്രത്യേകം അഭിനന്ദിച്ചു.

അടുത്ത മാസത്തെ യോഗം ശ്രീ. ലിജോ വടക്കൂട്ടിന്റെ ഭവനത്തിൽ നടത്തുവാൻ തീരുമാനിച്ചു. യോഗത്തിൽ 12 കുടുംബങ്ങളിൽ നിന്നായി 16 അംഗങ്ങൾ പങ്കെടുത്തു. യോഗത്തിൽ വന്ന എല്ലാവർക്കും സ്നേഹവിരുന്ന് നൽകുകയുണ്ടായി. നന്ദി പ്രാർത്ഥനയോടെ യോഗം അവസാനിച്ചു.

# തിരുനാൾ തിരുക്കർമ്മങ്ങൾ

## 22.01.2023 ഞായർ – കൊടികയറ്റം

### കുടുംബദിനം

| | | |
|---|---|---|
| 6.30 am | - | **ആഘോഷമായ വി. കുർബാന**<br>**തിരുനാൾ കൊടികയറ്റം** |
| കാർമ്മികൻ | - | **റവ. ഫാ. ജെയ്സൻ പുന്നശ്ശേരി** (വികാരി) |
| നിയോഗം | - | കുടുംബങ്ങൾ കൂട്ടായ്മയുടെ ബലിവേദിയാകാൻ |
| നേതൃത്വം | - | സെന്റ് സെബാസ്റ്റ്യൻസ്, സെന്റ് പോൾസ്, സെന്റ് അൽഫോൻസ കൂട്ടായ്മകൾ, ഗായകസംഘം |
| 9.45 am | - | **വി. കുർബാന** |

## നവനാൾ ദിനങ്ങൾ

### 23.01.2023 തിങ്കൾ പിതൃദിനം

| | | |
|---|---|---|
| 6.00 pm | - | **ആഘോഷമായ വി.കുർബാന, ലദീഞ്ഞ്, നൊവേന** |
| കാർമ്മികൻ | : | **റവ. ഫാ. മാത്യു വെട്ടത്ത്** (വികാരി, പൂങ്കുന്നം) |
| നിയോഗം | - | കുടുംബനാഥൻമാർ പരിശുദ്ധാത്മാവിനാൽ നിറയാൻ |
| നേതൃത്വം | - | ക്രിസ്തുരാജ, ലിറ്റിൽ ഫ്ളവർ കൂട്ടായ്മകൾ, സെന്റ് വിൻസെന്റ് ഡി പോൾ പുരുഷവിഭാഗം, ക്ഷേമനിധി, കാത്തലിക് കോൺഗ്രസ്. |

### 24.01.2023 ചൊവ്വ കുട്ടികളുടെ ദിനം

| | | |
|---|---|---|
| 6.00 pm | - | **ആഘോഷമായ വി. കുർബാന, ലദീഞ്ഞ്, നൊവേന** |
| കാർമ്മികൻ | - | **റവ. ഫാ. ബാസ്റ്റിൻ ആലപ്പാട്ട്**<br>(വികാരി, കൊഴുക്കുള്ളി) |
| നിയോഗം | - | ദൈവവിളികളുടെ വർദ്ധനവിന് |
| നേതൃത്വം | - | ഹോളി ഫാമിലി, സെന്റ് ജോസഫ് കൂട്ടായ്മകൾ, തിരുബാലസഖ്യം, അൾത്താര ബാലസംഘം, വിശ്വാസപരിശീലന വിദ്യാർത്ഥികൾ. |

## 25.01.2023 ബുധൻ  യുവജനദിനം

| | | |
|---|---|---|
| 6.00 pm | - | **ആഘോഷമായ വി. കുർബാന, ലദീഞ്ഞ്, നൊവേന** |
| കാർമ്മികൻ | : | **റവ. ഫാ. ക്ലീറ്റസ് കിഴക്കൂടൻ**<br>(വികാരി, മണ്ണാർക്കാട്) |
| നിയോഗം | - | യുവജനങ്ങൾ തിരുസഭയിൽ ശക്തമാകാൻ |
| നേതൃത്വം | - | സെന്റ് പീറ്റർ, സെന്റ് സേവ്യേഴ്സ് കൂട്ടായ്മകൾ, കെ.സി.വൈ.എം, സി.എൽ.സി, ജീസസ് യൂത്ത്. |

## 26.01.2023 വ്യാഴം ഏകസ്ഥദിനം

| | | |
|---|---|---|
| 6.00 pm | - | **ആഘോഷമായ വി.കുർബാന, ലദീഞ്ഞ്, നൊവേന** |
| കാർമ്മികൻ | : | **റവ. ഫാ. ബിറ്റോ** OFM Cap (കാൽവരി ആശ്രമം) |
| നിയോഗം | - | വിധവകൾക്കും വിഭ്യാരന്മാർക്കും ഏകസ്ഥർക്കും - സഹനങ്ങൾ രക്ഷാകരമായി സ്വീകരിക്കുന്നതിന് |
| നേതൃത്വം | - | മഡോണ, സെന്റ് തോമസ് കൂട്ടായ്മകൾ, നവോമി ഗ്രൂപ്പ്, പ്രാർത്ഥനാ ഗ്രൂപ്പ്, ലീജിയൻ ഓഫ് മേരി. |

## 27.01.2023 വെള്ളി മാതൃദിനം

| | | |
|---|---|---|
| 6.00 pm | - | **ആഘോഷമായ വി. കുർബാന, ലദീഞ്ഞ്, നൊവേന** |
| കാർമ്മികൻ | : | **റവ. ഫാ. ജോയ് ചിറ്റിലപ്പിള്ളി**<br>(വികാരി, ഒളരിക്കര) |
| നിയോഗം | - | പരി.അമ്മയുടെ മാധ്യസ്ഥം ലഭ്യമാകുന്നതിന് |
| നേതൃത്വം | - | സെന്റ് ആന്റണീസ്, സെന്റ് ജോൺസ് കൂട്ടായ്മകൾ, സെന്റ് വിൻസെന്റ് ഡി പോൾ വനിതാവിഭാഗം, മാതൃ സംഘം, ഫ്രാൻസിസ്ക്കൻ അൽമായ സഭ |
| 7.00 pm | - | **ദീപാലങ്കാരം സ്വിച്ച് ഓൺ കർമ്മം** |
| | | **ശ്രീ. ഹർഷാദ് ടി.പി**<br>ഹൗസ് ഓഫീസർ, സി.ഐ,<br>തൃശ്ശൂർ വെസ്റ്റ് പോലീസ് സ്റ്റേഷൻ |

## 28.01.2023 ശനി സുവിശേഷ വൽക്കരണ ദിനം

6.30 am - **ആഘോഷമായ വി.കുർബാന, ലദീഞ്ഞ്, നൊവേന, കൂടുതുറക്കൽ, പ്രസുദേന്തി വാഴ്ച, കുടുംബകൂട്ടായ്മകളിലേക്ക് അമ്പെഴുന്നള്ളിപ്പ്**

കാർമ്മികൻ : **റവ. ഫാ. ജിമ്മി എടക്കളത്തൂർ**

(അസ്സോ ഡയറക്ടർ, ജൂബിലി മിഷൻ മെഡിക്കൽ കോളേജ്)

നിയോഗം - ലോകമെങ്ങും യേശു രക്ഷകനും നാഥനുമായി അറിയപ്പെടാൻ.

നേതൃത്വം - ഹോളി ട്രിനിറ്റി, സെന്റ് മേരീസ് കൂട്ടായ്മകൾ, മദ്യവിരുദ്ധ സമിതി.

10.00 pm to 11.00 pm - വാദ്യമേളങ്ങളുടെ അകമ്പടിയോടെ കുടുംബകൂട്ടായ്മകളിൽ നിന്ന് അമ്പ് പ്രദക്ഷിണങ്ങളുടെ സമാപനം.

## 29.01.2023 ഞായർ – തിരുനാൾദിനം

6.30 am - **ആഘോഷമായ വി.കുർബാന**

കാർമ്മികൻ - **റവ. ഫാ. ജെയ്സൻ വടക്കൻ** OFM Cap

(സുപ്പീരിയർ, കാൽവരി ആശ്രമം)

10.00 am - **ആഘോഷമായ തിരുനാൾ പാട്ടുകുർബാന**

കാർമ്മികൻ - **വെ. റവ. ഫാ. ഡേവിസ് പുലിക്കോട്ടിൽ**

(ലൂർദ്ദ് കത്തീഡ്രൽ ഫൊറോന വികാരി)

സന്ദേശം - **റവ. ഫാ. റോയ് വെള്ളക്കൊമ്പിൽ**

(അസി. ഡയറക്ടർ, ആബാ ധ്യാനകേന്ദ്രം, തൃശ്ശൂർ)

നിയോഗം - ഇടവകയ്ക്ക് ആത്മീയവും ഭൗതികവുമായ ഉയർച്ച ഉണ്ടാകുവാൻ വേണ്ടി.

നേതൃത്വം - കൈക്കാരന്മാർ, തിരുനാൾ കമ്മിറ്റി.

5.00 pm - **വി. കുർബാന**

കാർമ്മികൻ - **റവ. ഫാ. ജെയ്സൻ പുന്നശ്ശേരി** (വികാരി)

തുടർന്ന് ഭക്തിനിർഭരമായ **തിരുനാൾ പ്രദക്ഷിണം,**

**ഫാൻസി വെടിക്കെട്ട്**

**30.01.2023 തിങ്കൾ**

6.30 am - **ഇടവകയിലെ സകല മരിച്ചവർക്കും വേണ്ടി വി. കുർബാന**

കാർമ്മികൻ - **റവ. ഫാ. ജെയ്സൻ പുന്നശ്ശേരി** (വികാരി)

7.00 pm - **ലൈവ് മ്യൂസിക്**

**05.02.2023 ഞായർ എട്ടാമിടം**

6.30 am - **ആഘോഷമായ വി.കുർബാന**

കാർമ്മികൻ - **റവ. ഫാ. ജെയ്സൻ പുന്നശ്ശേരി** (വികാരി)

9.45 am - **വി. കുർബാന**



യൂണിറ്റടിസ്ഥാനത്തിൽ നടത്തിയ കരോൾ മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ

**ഹോളി ട്രിനിറ്റി യൂണിറ്റ് അംഗങ്ങൾ**

## 2022 ഡിസംബർ 04 ന് നടന്ന കലാ സാഹിത്യ മത്സരത്തിൽ സമ്മാനത്തിന് അർഹരായവർ

### ചെറുകഥ - (എന്റെ സ്വപ്നം) Age 18-30

Ist - 205 വിനിഷ ജിജോ, സെ. പീറ്റർ
IInd - 202 അബിൻ സാബുരാജ്, സെ. പോൾസ്
IIIrd - 419 ആൽബിൻ ജോസഫ്, ലിറ്റിൽ ഫ്ളവർ

### കവിത (Age 18-30) അർപ്പണം

Ist - 415 സ്റ്റിന ടിനു, സെ. ജോസഫ്
IInd - 204 വിനിഷ ജിജോ, സെ. പീറ്റർ
IIIrd - 413 ആൽബിൻ ജോസഫ്, ലിറ്റിൽ ഫ്ളവർ

### കവിത (ഞാൻ അറിയുന്ന ഈശോ)
### Catechism Students

Ist - 109 സ്നിയ ഡേവിസ്, സെ. മേരീസ്
IInd - 108 ആൻ തെരേസ, സെ. ആന്റണി
IIIrd - 107 സിന്റ സി. എൻ., മഡോണ

### ചെറുകഥ (സ്നേഹം)

Ist - 405 ലിസി ടോണി, ലിറ്റിൽ ഫ്ളവർ
IInd - 402 ശോഭന തോമസ് പോൾ, സെ. ജോസഫ്
IIIrd - 411 പ്രിൻസൻ സി. എൽ., സെ. സേവ്യർ

### ഉപന്യാസം (കുടുംബം എന്റെ കാഴ്ചപ്പാടിൽ)
### Age : Above 50

Ist - 407 ലോലിത ആന്റണി, സെ. പീറ്റർ
IInd - 401 ശോഭന തോമസ് പോൾ, സെ. ജോസഫ്
IIIrd - 404 ലിസി ടോണി, ലിറ്റിൽ ഫ്ളവർ

### ഉപന്യാസം (കേരളം വൃദ്ധന്മാരുടെ നാടോ)
### Age: 18-30

Ist - 414 സ്റ്റീന ടിനു, സെ. ജോസഫ്
IInd - 207 റോസ് മേരി, ലിറ്റിൽ ഫ്ളവർ
IIIrd - 412 ആൽബിൻ ജോസഫ്, ലിറ്റിൽ ഫ്ളവർ

## ചെറുകഥ (ലഹരി) Age: 30-50

Ist - 312 ഫ്രിജി മേജോ, ക്രിസ്തുരാജ

IInd - 316 ലിഡിയ ബൈജു, ക്രിസ്തുരാജ

IIIrd - 317 മരിയ വർഗ്ഗീസ്, സെ. തോമസ്

## Drawing Competition

Ist - 115 ദേവ് പോൾ ജോയ്, ക്രിസ്തുരാജ

IInd - 105 മേരി ജോ, സെ. അൽഫോൻസ

IIIrd - 114 എയ്ഞ്ചൽ മേരി കെ. ഡേവീസ്

### Age - Above 50

Ist - 416 ശോഭന ആന്റോ, ഹോളി ട്രിനിറ്റി

### Age 18-30

Ist - 201 അഖിൽ വടക്കൻ, സെ. ആന്റണി

IInd - 203 - നിതിൻ വി.ഐ., ലിറ്റിൽ ഫ്ളവർ

IIIrd - 206 ജോപോൾ പോളി, സെ. സേവ്യർ

### Age 30-50

Ist - 320 ഡെൽസൻ കെ. ഡേവീസ്, ലിറ്റിൽ ഫ്ളവർ

IInd - 418 മിൽസ ബൈജു, ലിറ്റിൽ ഫ്ളവർ

## ചെറുകഥ Catechism Students (സുഹൃത്ത്)

Ist - 111 സ്നിയ ഡേവീസ്

IInd - 113 ഫ്രാങ്കോ ആന്റണി ഇമ്മാനുവേൽ, ക്രിസ്തുരാജ

IIIrd - 101 എയ്ഡൻ റോസ്, ലിറ്റിൽ ഫ്ളവർ

## ഉപന്യാസം Catechism Students (ശിക്ഷണം ആവശ്യമോ)

Ist - 102 എയ്ഡൻ റോസ് ജോഷി, ലിറ്റിൽ ഫ്ളവർ

IInd - 105 എയ്ഞ്ചൽ റോസ് ജോസ്, ലിറ്റിൽ ഫ്ളവർ

IIIrd - 1118 അഗസ്റ്റിൻ സാജു, ക്രിസ്തുരാജ

# സ്നേഹസ്മരണ

**28-ാം ചരമവാർഷികം**



ആലപ്പാട്ട് മാടാനി അഗസ്തി മകൻ

## റപ്പായി

ജനനം : 26.07.1922
മരണം : 27.01.1995



**15-ാം ചരമവാർഷികം**



ആലപ്പാട്ട് മാടാനി റപ്പായി ഭാര്യ

## കുഞ്ഞിലകുട്ടി

ജനനം : 14.04.1932
മരണം : 21.01.2008

# 1-ാം ചരമവാർഷികം

31. 12. 2022





## തെക്കേക്കര മാളിയേക്കൽ
## ലോനപ്പൻ മകൾ
# ആലീസ്

ജനനം : 21.06.1951 മരണം : 31.12.2021

പ്രാർത്ഥനാപൂർവ്വം
സന്തപ്ത കുടുംബാംഗങ്ങൾ

സെന്റ് ജോൺസ് യൂണിറ്റ്

ഇന്ത്യയിലെ ഇന്ത്യക്കാരനായ ആദ്യത്തെ ആർച്ച് ബിഷപ്പ്
മാർ. ജോസഫ് കരിയാറ്റി



ജനനം : 05.05.1742
മരണം : 10.09.1786

# 8–ാം ചരമവാർഷികം
25.01.2023



# കെ.സി. ചാക്കുണ്ണി

ജനനം : 30.01.1936     മരണം : 25.01.2015

കരിയാറ്റി ഹൗസ്

റിട്ട. സൂപ്രണ്ടണ്ട്, ജുഡീഷ്യൽ ഡിപ്പാർട്ട്മെന്റ്
പുതൂർക്കര, അയ്യന്തോൾ

സ്നേഹസ്മരണകളോടെ

ഭാര്യ : ആനി ചാക്കോ
മക്കൾ : ലിൻസി, ഹിറ്റ്ലസ്, ജെസ്മോൻ, ടോമീസ്, ലിസ്മോൾ
മരുമക്കൾ : ഫ്രാൻസീസ്, ഷീജ, റോസ്മോൾ, പോൾ
പേരക്കുട്ടികൾ : ടിന്റു, ടിറ്റു, അലൻ, ജെറോം, ഫെൽപ്സ്, ഷോൺ

സെന്റ് ജോൺ കുടുംബകൂട്ടായ്മ

## Wedded on 27th November 2022

**Amal**

S/o. Shyla Francis &
Francis Joseph
Chirayath Thanjan House
Kottekad, Thrissur

**Raida**

D/o. Nimmy Russal &
Adv. Russal Francis
Kalloor House, New Gardens
Ayyanthole, Thrissur





Sharin



*g the Happiness* Norah, Vibin & Raisa

## 25th Weding Anniversary

18-01-2023



## Babu C.L. & Reena Babu

*Chalissery House, Pudhurkara, P.O. Ayyanthole*
*St. Paul's Kudumba kootaima*



*With Best Compliments From:* *Angel Maria, Emmanuel*

# സ്നേഹസ്മരണയ്ക്ക്

## 7-ാം ചരമവാർഷികം
28.01.2023



പാറേക്കാട്ടിൽ മാപ്രാണത്ത്
അന്തപ്പൻ മകൻ

**വറുതുണ്ണി**

ജനനം : 08.04.1927
മരണം : 28.01.2016



## 2-ാം ചരമവാർഷികം
11.09.2023



പാറേക്കാട്ടിൽ മാപ്രാണത്ത്
വറുതുണ്ണി ഭാര്യ

**അമ്മിണി (താണ്ടു)**

ജനനം : 19.08.1928
മരണം : 11.09.2020

സ്നേഹസ്മരണകളോടെ
മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ, ചെറുമക്കൾ

സെന്റ് പീറ്റർ യൂണിറ്റ്

# ൮–ാം ചരമവാർഷികം

29.03.2023 27.01.2023



**പുളിക്കൻ ദേവസ്സി മകൻ**

## ജോസ്

ജനനം : 11.02.1948
മരണം : 29.03.2015

**പുളിക്കൻ ജോസ് ഭാര്യ**

## അൽഫോൺസ

ജനനം : 19.12.1951
മരണം : 27.01.2015

പ്രാർത്ഥനാശംസകളോടെ
**കുടുംബാംഗങ്ങൾ**

ലിറ്റിൽ ഫ്ളവർ യൂണിറ്റ്

### കവിത (Age above 50) ക്രിസ്തുമസ്

I^st^ - 403 ശോഭന ആന്റോ, ഹോളി ട്രിനിറ്റി
II^nd^ - 408 ലോലിത ആന്റണി, സെ. പീറ്റർ

### കവിത (Age 30-50) – വിശുദ്ധി

I^st^ - 306 നീതു റാഫേൽ, സെ. ജോസഫ്
II^nd^ - 319 ഫ്രാൻജോ ഫ്രാൻസിസ്, സെ. പോൾസ്
III^rd^ - 417 മിൽസ ബൈജു, ലിറ്റിൽ ഫ്ളവർ

### ഉപന്യാസം (Age 30-50) നാടുവിടുന്ന യുവതലമുറ

I^st^ - 311 ഫ്രിജി മേജോ, ക്രിസ്തുരാജ
II^nd^ - 301 ബെഞ്ചമിൻ, സെ. പീറ്റർ
III^rd^ - 310 സിജോ കെ.ഒ., ലിറ്റിൽ ഫ്ളവർ

---

## ലിറ്റിൽ ഫ്ളവർ കുടുംബകൂട്ടായ്മ വാർഷികം

ചെറുപുഷ്പം കുടുംബകൂട്ടായ്മ 31-ാം വാർഷിക പൊതുയോഗം 11.12.2022 ന് പഴയ പാരിഷ് ഹാളിൽ 6.30 ന് ആരംഭിച്ചു. വാർഷികത്തോട് അനുബന്ധിച്ച് രാവിലെ ആദ്യകുർബ്ബാനയിൽ കൂട്ടായ്മ അംഗങ്ങൾ കാഴ്ച സമർപ്പണം നടത്തുകയും, കുട്ടികൾ അടക്കം എല്ലാം കുടുംബങ്ങളും വിശുദ്ധകുർബ്ബാനയിൽ പങ്കെടുത്തു. വാർഷികദിനത്തിൽ കുർബ്ബാനയിൽ പഴയനിയമം, പുതിയ നിയമ ലേഖനങ്ങൾ യൂണിറ്റിലെ അംഗങ്ങൾ വായിച്ചു. വാർഷിക പൊതുയോഗം വികാരിയച്ചൻ ഉദ്ഘാടനം ചെയ്തുകൊണ്ട് ആശംസാ പ്രസംഗം നടത്തി. പ്രസിഡന്റ് ഡെൽസൺ ഡേവിസ് അദ്ധ്യക്ഷപ്രസംഗം നടത്തി. നിർമല കോൺവെന്റിലെ സിസ്റ്റർ കാതറിൻ, കേന്ദ്ര സമിതി കൺവീനർ മേജോ, നടത്തുകൈക്കാരൻ ജോഷി തുടങ്ങിയവർ ആശംസകൾ നേർന്നു. സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. 9 വർഷം യൂണിറ്റ് പ്രസിഡന്റ് ആയി സ്തുത്യർഹമായ പ്രവർത്തനം കാഴ്ചവച്ച ടോണി തരകനെ പൊന്നാട അണിയിച്ച് ആദരിച്ചു. പൊതുയോഗത്തിനുശേഷം വിവിധ കലാപരിപാടികളും സ്നേഹവിരുന്നും ഉണ്ടായിരുന്നു. കലാപരിപാടികൾ അവതരിപ്പിച്ചവർക്കും മരിയനാദം കേന്ദ്രസമിതി നടത്തിയ സാഹിത്യമത്സരങ്ങളിൽ വിജയിച്ചവർക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. ജോയിന്റ് സെക്രട്ടറി സെജിൻ സെബി യോഗത്തിന് എത്തിയ വിശിഷ്ടാതിഥികളേയും യൂണിറ്റ് ഭാരവാഹികളേയും അംഗങ്ങളേയും പ്രത്യേകം നന്ദി അറിയിച്ചു. വൈകീട്ട് എട്ടരയോടുകൂടി യോഗം അവസാനിച്ചു.

**സെക്രട്ടറി, സിജോ കൊളങ്ങര**

## വി. യൂദാശ്ലീഹായുടെ നൊവേന



മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായെ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫലസിദ്ധി യുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായവും ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. അങ്ങയുടെ സ്തുതിക്കും ദൈവമഹത്വത്തിനും ഉപകരിക്കുമെങ്കിൽ ഇപ്പോൾ ഞാനപേക്ഷിക്കുന്ന ഈ പ്രത്യേക ആവശ്യം (............) നിറവേറ്റി തരണമെ. എന്റെ പ്രത്യേക മദ്ധ്യസ്ഥനായും ഉപകാരിയായും ഞാനങ്ങയെ വണങ്ങി സ്തുതിക്കുന്നു. ഏറ്റു പറയുന്നു എനിക്കുവേണ്ടിയും അങ്ങയോട് അപേക്ഷിക്കുന്നവർക്കുവേണ്ടിയും അവിടുത്തെ മാധ്യസ്ഥ ശക്തി പ്രകടമാക്കി തരണമെ. ആമേൻ.

**1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.**


## വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായെ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫലസിദ്ധി യുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായവും ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. അങ്ങയുടെ സ്തുതിക്കും ദൈവമഹത്വത്തിനും ഉപകരിക്കുമെങ്കിൽ ഇപ്പോൾ ഞാനപേക്ഷിക്കുന്ന ഈ പ്രത്യേക ആവശ്യം (............) നിറവേറ്റി തരണമെ. എന്റെ പ്രത്യേക മദ്ധ്യസ്ഥനായും ഉപകാരിയായും ഞാനങ്ങയെ വണങ്ങി സ്തുതിക്കുന്നു. ഏറ്റു പറയുന്നു എനിക്കുവേണ്ടിയും അങ്ങയോട് അപേക്ഷിക്കുന്നവർക്കുവേണ്ടിയും അവിടുത്തെ മാധ്യസ്ഥ ശക്തി പ്രകടമാക്കി തരണമെ. ആമേൻ.

**1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.**





## വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായെ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫലസിദ്ധി യുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായവും ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. അങ്ങയുടെ സ്തുതിക്കും ദൈവമഹത്വത്തിനും ഉപകരിക്കുമെങ്കിൽ ഇപ്പോൾ ഞാനപേക്ഷിക്കുന്ന ഈ പ്രത്യേക ആവശ്യം (............) നിറവേറ്റി തരണമെ. എന്റെ പ്രത്യേക മദ്ധ്യസ്ഥനായും ഉപകാരിയായും ഞാനങ്ങയെ വണങ്ങി സ്തുതിക്കുന്നു. ഏറ്റു പറയുന്നു എനിക്കുവേണ്ടിയും അങ്ങയോട് അപേക്ഷിക്കുന്നവർക്കുവേണ്ടിയും അവിടുത്തെ മാധ്യസ്ഥ ശക്തി പ്രകടമാക്കി തരണമെ. ആമേൻ.

**1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.**





## വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായെ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫലസിദ്ധി യുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായവും ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. അങ്ങയുടെ സ്തുതിക്കും ദൈവമഹത്വത്തിനും ഉപകരിക്കുമെങ്കിൽ ഇപ്പോൾ ഞാനപേക്ഷിക്കുന്ന ഈ പ്രത്യേക ആവശ്യം (............) നിറവേറ്റി തരണമെ. എന്റെ പ്രത്യേക മദ്ധ്യസ്ഥനായും ഉപകാരിയായും ഞാനങ്ങയെ വണങ്ങി സ്തുതിക്കുന്നു. ഏറ്റു പറയുന്നു എനിക്കുവേണ്ടിയും അങ്ങയോട് അപേക്ഷിക്കുന്നവർക്കുവേണ്ടിയും അവിടുത്തെ മാധ്യസ്ഥ ശക്തി പ്രകടമാക്കി തരണമെ. ആമേൻ.

**1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.**




**ഒരു വിശ്വാസി, ലിറ്റിൽ ഫ്ളവർ യൂണിറ്റ്**

# വിശ്വാസവഴിയിലെ സംശയങ്ങൾ

**വിശ്വാസവും അന്ധവിശ്വാസവും തമ്മിലുള്ള വ്യത്യാസം എന്ത്? അന്ധവിശ്വാസങ്ങളെ സഭ എതിർക്കുന്നുണ്ടോ?**

വിശ്വാസവും അന്ധവിശ്വാസവും തമ്മിൽ വ്യത്യാസമുണ്ട്. ക്രൈസ്തവപാരമ്പര്യമനുസരിച്ച് വിശ്വാസം എന്നു പറയുന്നത് പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേകദൈവം ഉണ്ട് എന്നും അവിടുത്തെ രണ്ടാമത്തെ ആളായ പുത്രൻ തമ്പുരാൻ മനുഷ്യനായി പിറന്ന് പന്തിയോസ് പീലാത്തോസിന്റെ കാലത്ത് പീഡകൾ സഹിച്ച് കുരിശിൽ തറയ്ക്കപ്പെട്ട് മരിച്ച് അടക്കപ്പെട്ടുവെന്നും അവിടുന്ന് മൂന്നാം നാൾ ഉയിർത്ത് സ്വർഗത്തിലേക്ക് എഴുന്നള്ളിയെന്നും പരിശുദ്ധാത്മാവിനെ നമുക്ക് നൽകുമെന്നും യുഗാന്ത്യത്തിൽ നമ്മെ വിധിക്കാൻ വീണ്ടും വരുമെന്നും തിരുസഭയും കൂദാശകളും സ്ഥാപിച്ചുവെന്നും മനുഷ്യകുലത്തിന് നിത്യജീവൻ നൽകുമെന്നും ഉള്ളതാണ് യഥാർത്ഥ വിശ്വാസം. ഈ വിശ്വാസത്തെ ഏതെങ്കിലും വിധത്തിൽ ഹനിക്കുന്നതോ ഈ വിശ്വാസത്തിന്റെ സത്യങ്ങളെ തള്ളിപ്പറയുന്നതോ ആയ എല്ലാം അന്ധവിശ്വാസങ്ങളാണ്. അതുകൊണ്ട് അന്ധവിശ്വാസങ്ങളുണ്ട് എന്നു പറഞ്ഞാൽ ഒരു യാഥാർത്ഥ്യമാണ്. പലർക്കും പല അന്ധവിശ്വാസങ്ങളുണ്ട്.

ഉദാഹരണമായി വെള്ളിയാഴ്ച യാത്രപോകാൻ പാടില്ല. കാരണം വെള്ളിയാഴ്ച രാത്രി പിശാച് ഇറങ്ങിവരും ഇങ്ങനെയൊക്കെ ചിന്തിക്കുന്ന പല മനുഷ്യരുമുണ്ട്. പക്ഷെ നമുക്കറിയാം അതെല്ലാം നമ്മുടെ വിശ്വാസത്തിന് വിരുദ്ധമായ ചിന്തകളാണ്. എല്ലാദിവസവും ദൈവം ഒരുപോലെ വിശുദ്ധീകരിച്ചതാണ്. അതുകൊണ്ട് ഏതെങ്കിലും ഒരു ദിവസം പ്രശ്നമുള്ള ദിവസമാണ് എന്നു കരുതാൻ പാടില്ല.

രാഹുകാലവും ഗുളികകാലവും യമകണ്ടകാലവും ഒക്കെ നോക്കുന്നവരുണ്ട്. വാസ്തവത്തിൽ അതും നമ്മുടെ വിശ്വാസവും തമ്മിൽ ഒത്തുപോകാത്തതാണ്. ദിവസങ്ങളെയും മണിക്കൂറുകളെയും ഋതുക്കളെയും വിശുദ്ധീകരിച്ചത് ദൈവം തന്നെയാണ് എന്നുള്ള വിശ്വാസത്തിന് വിരുദ്ധമായതുകൊണ്ടാണ് മറ്റു പലതും അന്ധവിശ്വാസം എന്നു പറയുന്നത്. അതുകൊണ്ട് അന്ധവിശ്വാസത്തെ നാം വേർതിരിച്ചറിയേണ്ടതുണ്ട്. സത്യവിശ്വാസത്തിൽനിന്ന് വ്യതിചലിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നതെല്ലാം അന്ധവിശ്വാസമാണ്. അവയെ സഭ നിശിതമായി എതിർക്കുകയും ചെയ്യും എന്ന കാര്യം ഓർക്കുക.

# ബൈബിൾ ക്വിസ് 2023 ജനുവരി

**പാഠ്യഭാഗം - വി. ലൂക്ക 9-18**

**അധ്യായവും വാക്യവും എഴുതുക**

1. 3-ാം അദ്ധ്യായത്തിൽ എത്ര വാക്യങ്ങൾ ഉണ്ട്?
2. 3-ാം അദ്ധ്യായം ആരംഭിക്കുമ്പോൾ വി. പൗലോസ് കോറിന്തോസുകാരോട് ചോദിക്കുന്ന ചോദ്യമെന്ത്?
3. 3-ാം അദ്ധ്യായത്തിലെ 3-ാം വാക്യത്തിൽ എത്ര ചോദ്യങ്ങൾ പൗലോസ് ചോദിക്കുന്നുണ്ട്?
4. പൗലോസ്ശ്ലീഹാ കോറിന്തോസുകാരെ വിശേഷിപ്പിക്കുന്നത് എങ്ങനെ?
5. ആർക്ക് നോക്കാനാവാത്ത വിധം മോശയുടെ മുഖത്തെ ജ്വലിപ്പിച്ചു?
7. ഞങ്ങളെ നിങ്ങളുടെ ദാസന്മാരായി പ്രഘോഷിക്കുന്നത് ആർക്കുവേണ്ടി എന്നാണ് പൗലോസ് ശ്ലീഹാ പറയുന്നത്?
8. അന്ധകാരത്തിൽ നിന്ന് പ്രകാശം ഉദിക്കട്ടെ എന്ന് പറഞ്ഞതാര്?
9. കോറിന്തോസുകാർക്കുള്ള 2-ാം ലേഖനം പൗലോസും തിമോത്തേയോസും എഴുതുന്നത് ആർക്ക് വേണ്ടി?
10. ഞങ്ങൾ പീഢകൾ സഹിക്കുന്നത് എന്തിനുവേണ്ടി എന്നാണ് പൗലോസും തിമോത്തേയോസും പറയുന്നത്?

## ഡിസംബർ - ശരിയുത്തരങ്ങൾ

1. എലിസബത്ത്
2. ഗബ്രിയേൽ ദൂതന്റെ
3. സ്നാപകയോഹന്നാൻ, യേശു
4. ഹന്നാ എന്ന പ്രവാചിക
5. 12 വയസ്സുള്ളപ്പോൾ
6. യേശുവിന്റെ കൈയ്യിൽ
7. ഹേറോദേസ്
8. ഏകദേശം 30
9. 40 ദിവസം
10. അശുദ്ധാത്മാവ് ബാധിച്ച മനുഷ്യൻ

## 2022 ഡിസംബർ മാസത്തെ ബൈബിൾ ക്വിസിലെ ശരിയുത്തരമയച്ചവർ

1. സിറിൾ ജോമോൻ, സെന്റ് പീറ്റർ യൂണിറ്റ്
2 വിനീഷ ജിജോ, സെന്റ് പീറ്റർ യൂണിറ്റ്
3. ബബിത ജോഷി, ലിറ്റിൽ ഫ്ളവർ യൂണിറ്റ്
4. മേരി വിത്സൻ, സെന്റ് പീറ്റർ യൂണിറ്റ്
5. മേരി രാജു, സെന്റ് സേവിയേഴ്സ് യൂണിറ്റ്
6. ആർദ്ര ജോമോൻ, സെന്റ് പീറ്റർ യൂണിറ്റ്
7 ജിസ്മി പോൾ, സെന്റ് പീറ്റർ യൂണിറ്റ്

**നറുക്കെടുപ്പിലൂടെ വിജയിയായത്**

മേരി രാജു, സെന്റ് സേവിയേഴ്സ് യൂണിറ്റ്

**ചായക്കൂട്ട് ചിത്രങ്ങളും, ബൈബിൾ ക്വിസ് ഉത്തരങ്ങളും മരിയനാദം Mail ലേക്കും അയക്കാവുന്നതാണ്**

Email:mariyanadham.info@gmail.com
www.ayyantholechurch.com



2022-24 കാലഘട്ടത്തിലെ
ഡോളേഴ്സ് ഫൊറോന
വനിത വിഭാഗം
വൈസ് പ്രസിഡന്റായി
തെരഞ്ഞെടുത്ത
അയ്യന്തോൾ KCYM പ്രസിഡന്റ്
**ആൻ മേരി ടോണിക്ക്**
ഇടവകയുടെ
അഭിനന്ദനങ്ങൾ

## നിയമാവബോധം

# കുടുംബവും കുടുംബകോടതിയും – നിയമം

അഡ്വ. ജോമോൻ കുന്നത്ത്
സെന്റ് സേവിയേഴ്സ് യൂണിറ്റ്

*(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)*

വിവാഹത്തിന് മുൻപ് പ്രണയബന്ധത്തിൽ അകപ്പെടുന്ന മകനെയോ മകളെയോ, പലപ്പോഴും മാതാപിതാക്കൾ ഭീഷണിയിലൂടെയും മറ്റു സമ്മർദ്ദ തന്ത്രങ്ങളിലൂടെയും ആ പ്രണയബന്ധത്തിൽനിന്നും പിടിച്ചകറ്റി മാതാപിതാക്കൾക്ക് ഇഷ്ടപ്പെട്ട വിവാഹം നടത്തുന്നത് നമ്മുടെ സമൂഹത്തിൽ സർവ്വസാധാരണമാണ്. പലപ്പോഴും മാതാപിതാക്കളുടെ ആത്മഹത്യാ ഭീഷണി അടക്കമുള്ള സമ്മർദ്ദതന്ത്രങ്ങൾക്ക് മുന്നിൽ താൽക്കാലികമായി പ്രണയബന്ധത്തിൽനിന്നും പിന്മാറുന്ന യുവതിയുവാക്കൾ വിവാഹശേഷം പ്രണയേതാവുമായി വിവാഹേതരബന്ധം രഹസ്യമായും ചില ഘട്ടങ്ങളിൽ പരസ്യമായി തന്നെയോ തുടരുന്നത് ആ വിവാഹബന്ധം തകരുവാൻ കാരണമാകുന്നു.

ചെറുപ്രായത്തിൽ തിരിച്ചറിവില്ലാതെ മക്കൾക്കുണ്ടാകുന്ന ചപലമായ പ്രണയബന്ധങ്ങൾ അല്ലാതെ, തിരിച്ചറിവും പക്വതയും പാകതയും വന്ന യുവതി യുവാക്കൾ ഏർപ്പെട്ടുപോയ പ്രണയബന്ധത്തിൽ നിന്നും അവരെ ബലമായും സമ്മർദ്ദ തന്ത്രങ്ങളുപയോഗിച്ചും തടയാൻ ശ്രമിക്കാതെ, തുടർന്നുള്ള ജീവിതം ജീവിച്ചുതീർക്കേണ്ടത് അവർ തന്നെയാണെന്ന തിരിച്ചറിവോടുകൂടി, അവരോടൊപ്പം നിന്ന് അത്തരം വിവാഹങ്ങൾ നടത്തി കൊടുക്കുന്നതായിരിക്കും കൂടുതൽ ഉചിതം. കുടുംബത്തിന് നാണക്കേടുണ്ടാക്കും എന്ന തെറ്റിദ്ധാരണ മൂലം പക്വതയും പാകതയും വന്ന മക്കളെ അവരുടെ ഗൗരവമായ പ്രണയബന്ധത്തിൽ നിന്നും സമ്മർദ്ദതന്ത്രങ്ങൾ ഉപയോഗിച്ച് തടഞ്ഞ്, അവരുടെ ഇഷ്ടത്തിന് വിരുദ്ധമായി മാതാപിതാക്കളുടെ ഇഷ്ടത്തിനൊത്ത വിവാഹം നടത്തുന്ന മാതാപിതാക്കൾ, പിന്നീട് വിവാഹേതര ബന്ധത്തിന്റെ പേരിൽ മക്കളുടെ വിവാഹബന്ധം തകരുകയും, വിവാഹമോചനത്തിന് കുടുംബകോടതികളിൽ കയറിയിറങ്ങുകയും ചെയ്യുമ്പോൾ ഉണ്ടാകുന്ന നാണക്കേടിനെ കുറിച്ച് മുൻകൂട്ടി ആലോചിക്കുന്നത് നല്ലതാണ്.

സ്വന്തം മകന്റെയോ മകളുടെയോ മാനസികരോഗം, സ്വഭാവവൈകല്യം, ശാരീരിക ക്ഷമതകുറവ്, അമിത മദ്യാസക്തി, ലഹരിപദാർത്ഥങ്ങളുടെ ഉപ

യോഗം എന്നിവ മനഃപൂർവ്വം മറച്ചുവച്ച് വിവാഹം കഴിഞ്ഞാൽ ശരിയാകും എന്ന അബദ്ധ ധാരണയിൽ വിവാഹം നടത്തുന്നത്, പിന്നീട് ആ വിവാഹബന്ധം തകരുവാൻ കാരണമായി ഭവിക്കുന്നു. ഇത്തരം കാര്യങ്ങളിൽ വധൂവരന്മാരുടെ മാതാപിതാക്കൾ കൂടുതൽ സുതാര്യമായാൽ, പിന്നീട് ഉണ്ടായേക്കാവുന്ന വിവാഹബന്ധ തകർച്ച ഒഴിവാക്കാവുന്നതാണ്.

മാനസികരോഗമോ, സ്വഭാവ വൈകല്യമോ ഉള്ള വ്യക്തികളെ ഒരു മനഃശാസ്ത്ര വിദഗ്ധന്റെ അടുത്ത് ചികിത്സിച്ച്, വിവാഹം സംബന്ധിച്ച് അദ്ദേഹത്തിന്റെ ഉപദേശം ഉൾക്കൊണ്ട ശേഷം, ടി വിവരങ്ങൾ പ്രതിശ്രുത വധുവിനെയും/വരനെയും, അവരുടെ വീട്ടുകാരെയും അറിയിച്ച് അവരുടെ പൂർണ്ണ സമ്മതത്തോടെ മാത്രം അത്തരം വിവാഹങ്ങൾ നടത്തേണ്ടതാണ്. സ്വാഭാവികമായും, അത്തരം കാര്യങ്ങൾ തുറന്നുപറഞ്ഞാൽ ആരെങ്കിലും വിവാഹത്തിന് സമ്മതിക്കുമോ എന്ന ചോദ്യം നിങ്ങളുടെ മനസ്സിൽ ഉയരും. ചതിയും വഞ്ചനയും ഉപയോഗിച്ച്, അത്തരം വിവാഹം നടത്തിയശേഷം, കാര്യങ്ങൾ മറുഭാഗം അറിയുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങളും, കോടതി വ്യവഹാരവുമായി താരതമ്യം ചെയ്യുമ്പോൾ കാര്യങ്ങൾ മറച്ചുവച്ച് വിവാഹം നടത്തുന്നത് ഒരു തരത്തിലും ന്യായികരിക്കാവുന്നതല്ല. അമിതമദ്യാസക്തിയും ലഹരിപദാർത്ഥങ്ങളുടെ ഉപയോഗവും നിയന്ത്രിക്കാതെ വിവാഹബന്ധത്തിൽ ഏർപ്പെടുന്നതും തീർത്തും ഒഴിവാക്കേണ്ടതാണ്.

**എല്ലാ മാസവും 20 – ാം തിയ്യതിക്കു മുമ്പായി**
**മരിയനാദം ബുള്ളറ്റിനിലേയ്ക്ക് മതബോധനം, കേന്ദ്രസമിതി വാർത്തകൾ, യൂണിറ്റ് വാർത്തകൾ പ്രതിനിധി വാർത്തകൾ, ലേഖനങ്ങൾ, കഥകൾ, കവിതകൾ, മറ്റു വാർത്തകൾ നൽകേണ്ടതാണ്**

## ഇടവകാംഗങ്ങൾക്ക്

## മരിയനാദം പത്രാധിപസമിതിയുടെ

## പുതുവത്സരാശംസകൾ

# ഒരു കടൽത്തീരത്തിന്റെ ഓർമ്മ



ആരുടേയോ നടുമുറ്റത്തെ തീക്കൂനയ്ക്കരികിൽ നിന്ന് നിന്നെ തള്ളിപ്പറഞ്ഞപ്പോഴും എനിക്കായി ഹൃദയത്തിൽ സ്നേഹത്തിന്റെ തീക്കനൽ കൂട്ടി കാത്തിരുന്ന നിനക്ക്.....

എന്റെയും നിന്റെയും ഹൃദയത്തിൽ ഒരു തിബേരിയാണ് കടൽ തീരം കരുതാൻ നീ മറക്കരുത്. ആ തീരത്ത് ഒരു സ്നേഹത്തിന്റെ കനൽ കൂമ്പാരവും കരുതലിന്റെ പ്രാതലും നീ കരുതണം... ക്രിസ്തുവിന്റെ ഹൃദയം പോലെ ....
അദ്ധ്വാനത്തിന്റെ ഭാരമല്ല അയാളെ തളർത്തുന്നത്, കുറ്റബോധമാണ്. ബലഹീനതയുടെ ഒരു രാത്രിയിൽ താൻ തള്ളിപ്പറഞ്ഞവന്റെ മുമ്പിലാണ് ഇന്നയാൾ നിൽക്കുന്നത്. എല്ലാ പുതുതായി ആരംഭിക്കാൻ അയാൾ വെമ്പൽ കൊള്ളുന്നുണ്ട്. കരുതലിന്റെ പ്രാതലിലേക്ക് തന്റെ പങ്കു നൽകാൻ അയാൾ ഓടുകയാണ്. ഒരു രാത്രിയിൽ തന്റെ ഗുരുവിനെ വിട്ടിട്ട് ഓടിയതിന്റെ പരിഹാരമെന്നോണം. ക്രിസ്തു അയാളെ കരുതുന്നുണ്ട്. അയാളുടെ ഹൃദയവികാരങ്ങളെ ഒപ്പിയെടുക്കുന്നുമുണ്ട്. പ്രാതലിനുശേഷം ഒരവസരം... തള്ളിപ്പറഞ്ഞവന് ഒരവസരം അയാൾ പോലും അറിയാതെ ക്രിസ്തു ഒരുക്കുന്നു.

തിബേരിയാസ് ഒരു ഓർമയാണ്. തിരുത്തലിന്റെ ഓർമ്മ. അവിടെ കുറ്റപ്പെടുത്തലുകൾ ഇല്ല. ശാസനകൾ ഇല്ല. താക്കീതുകൾ ഇല്ല. വിശ്വാസം മാത്രമാണ്. തള്ളിപ്പറഞ്ഞവന്റെ ഹൃദയത്തെ തൊട്ട് തന്റെ അജഗണത്തെ മുഴുവൻ ഏൽപ്പിക്കുവാൻ തക്കവിധത്തിലുള്ള വിശ്വാസം ആ മുക്കുവനിൽ ക്രിസ്തു ഹൃദയം കണ്ടെത്തുന്നു.
ചിലതൊക്കെ മറക്കണമെങ്കിൽ വേണ്ടത് ഒരുപിടി ഓർമ്മകളാണ്... പങ്കുവെച്ചതിന്റെ, കൂട്ടുകൂടിയതിന്റെ, മിഴികൾ നിറഞ്ഞൊഴുകിയതിന്റെ, ബലമായി നിന്നതിന്റെ... അങ്ങനെ അങ്ങനെ ഒരുപിടി ഓർമകൾ.

Jorline Joshy
Proprietor

DRY CLEANING
AVAILABLE

fortune fashion

FOR MEN, WOMEN & KIDS

I. K. Arcade, Ayyanthole, Thrissur - 3

Ph: 9544962005, 9446464279

# Sangeerthanam Tower

Events Hall






PEARL, GROUND FLOOR NON A/C HALL



RUBY, 1st FLOOR A/C HALL



COREL, 2nd FLOOR NON A/C HALL

വിവാഹം, വിവാഹ നിശ്ചയം, വാർഷികം, ജന്മദിനം
മാമ്മോദീസ, സെമിനാറുകൾ, കമ്പനി മീറ്റിങ്ങുകൾ എന്നീ
പരിപാടികൾക്ക് ഹാൾ വാടകക്ക് നൽകുന്നു.

**Sangeerthanam Tower**

Near St. Mary's Assumption Church
Ayyanthole, Thrissur - 680 003
Tel : 9447002763, 9847441111

# വീണ്ടുമൊരു
# പുതുവർഷപ്പുലരി

ഗ്രേസി ജോണി
സെന്റ് തോമസ് യൂണിറ്റ

വീണ്ടുമൊരു പുതുവർഷപ്പുലരി
വന്നണഞ്ഞല്ലോ നമുക്കായ്
ജീർണിച്ചിരുണ്ട ഇന്നലകളെ
വകഞ്ഞുമാറ്റി തമ്പുരാൻ
മാറണം സോദരെ നമുക്കൊരു
പുതുസൃഷ്ടിയായ് ഭൂമിയിൽ
കാരണം, അവിടുത്തെ ന്യായാസനത്തിൻ
മുമ്പിലല്ലേ നാഥാ ഞങ്ങൾ
ജീവിതത്തിൽ ചെയ്ത നന്മതിന്മകൾക്കുള്ള
പ്രതിഫലത്തിനായ് നില്പതും
ത്യജിക്കാം, പഴയതെല്ലാം അങ്ങേ ജ്ഞാനം
ഞങ്ങളിലേക്കൊഴുക്കണേ
മാനുഷിക കാഴ്ചപ്പാടിൽ ഞങ്ങൾ
അങ്ങയെ കാണില്ലിനി മുതൽ
ഈ അന്ധകാര ലോകത്തിൻ കെട്ടുകൾ
പൊട്ടിച്ചെറിയാം ദൈവജനമേ
വേണം ഓരോ പുലരിയിലും മുറിക്കപ്പെടുന്ന
ആ ഗോതമ്പപ്പത്തിന്റെ ശക്തി
ഫലമോ, നമുക്കുണർവേകിടും സോദരെ
സർവ്വരേയും ആ കണ്ണിലൂടെ കാണാൻ
പുതുവർഷമേ വന്നാലും നവജീവനുള്ള
പുതുസൃഷ്ടികളാണ് ഞങ്ങളിതാ



***04 – 12 – 2022 ന് ഇടവകതലത്തിൽ പാരിഷ് ബുറ്ററ്റിന്റെയും കേന്ദ്ര കുടുംബകൂട്ടായ്മ സമിതിയുടെയും ആഭിമുഖ്യത്തിൽ നടത്തിയ സാഹിത്യ മത്സരങ്ങളിൽ കാറ്റിക്കിസം വിഭാഗത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ചെറുകഥ***

# ഫ്രണ്ട്ഷിപ്പ്

**സ്നിയ ഡേവീസ്, സെ. മേരീസ്**

യഥാർത്ഥ സൗഹൃദമെന്തെന്ന് പറഞ്ഞറിയിക്കാൻ ആവില്ലെന്ന് പറഞ്ഞു കേട്ടിട്ടുണ്ട്. അങ്ങനെ ഒരു സൗഹൃദതത്തിന്റെ കഥയാണിത്.

വളരെ നല്ല പഠിപ്പുണ്ടായിട്ടും വീടുകളുടെ വാതിൽക്കൽ ആളുകളുടെ താൽപര്യമനുസരിച്ചു ഭക്ഷണമെത്തിക്കലാണ് ജെറിന്റെ ജോലി. കെട്ടിട പണിക്കിടയിൽ അപ്പൻ മരിക്കുമ്പോൾ ജെറിനു അഞ്ചുവയസ്സാണ്. അന്നുമുതൽ അവന്റെ അമ്മ വീടുകളിൽ പണിയെടുത്താണ് അവനെ പഠിപ്പിച്ചത്. നാട്ടിൽ തന്റെ പഠിപ്പിനൊത്ത ജോലി ലഭിക്കുന്നില്ല എന്നു കണ്ടതോടെയാണ് അവൻ ഈ ജോലിക്ക് ഇറങ്ങിയത്. വിദേശത്ത് നല്ല ഒരു അവസരം ലഭിച്ചിട്ടും അമ്മയെ പിരിയാനുള്ള മടി കാരണം ജെറിൻ പോയില്ല. എങ്കിലും ഉള്ളതുകൊണ്ട് ആ അമ്മയും മകനും ഏറെ സന്തുഷ്ടരാണ്.

അങ്ങനെയിരിക്കുമ്പോഴാണ് ക്ഷണിക്കപ്പെടാത്ത ഒരു അതിഥിയെപോലെ ആ ദുരിതം അവരെ തേടി എത്തിയത്. മുറ്റത്തെ ചെടികൾ നനയ്ക്കുമ്പോൾ അന്ന് അമ്മയുടെ കാൽ വഴുക്കി, അമ്മ വീണു. വേദനകൊണ്ടുനീറുന്ന അമ്മയുടെ ഏറെ നേരത്തെ നിലവിളിക്കുശേഷം അയൽക്കാരിയായ ഉഷചേച്ചി അവരുടെ വിളികേട്ടു. ഉടനെതന്നെ അമ്മയെ ആശുപത്രിയിലെത്തിച്ചു. വിവരം അറിഞ്ഞ ജെറിൻ നെഞ്ചിൽ തുളച്ചുകയറുന്ന വേദനയോടെ അവിടെ എത്തി. ഡോക്ടർ ജെറിനോടു പറഞ്ഞു: "അമ്മയുടെ നട്ടെല്ലിൽ ചെറിയ ഒടിവുണ്ട്. ഒരു ഓപ്പറേഷനിലൂടെ അത് ശരിയാകും. എന്നാൽ അതിന്റെ തുക ഒന്നരലക്ഷമാണ്." എന്തുചെയ്യണമെന്ന് അവന് അറിയില്ല. ഇത്രയും തുക ചോദിക്കാൻ മാത്രം ബന്ധുക്കൾ ഒന്നും അവർക്ക് ഇല്ല. എല്ലാവർക്കും തന്റെ ഏതു അവസ്ഥയിലും സഹായത്തിനു പണം നൽകാറുള്ള ജെറിന് ദൈവം വലിയ ഒരു അനുഗ്രഹം കണ്ടുവച്ചു. തന്റെ കൂട്ടുകാരൻ റോഹൻ ജെറിന്റെ കൈയ്യിൽനിന്നും പലതവണയായി കടംവാങ്ങിയ രണ്ടുലക്ഷം രൂപയുമായി അവിടെ എത്തി. എല്ലാം മംഗളമായി അവസാനിച്ചു.

ജെറിൻ റോഹനെ കാണാനായി അവന്റെ വീട്ടിലെത്തി. നടന്ന സംഭവങ്ങൾക്കു

നന്ദി പറഞ്ഞപ്പോൾ റോഹൻ ഞെട്ടി. ഇങ്ങനെയൊരു കാര്യം താൻ അറിഞ്ഞിട്ടില്ലയെന്നും പണം തരാനായി താൻ അവിടേക്ക് വരാനിരിക്കുകയായിരുന്നുവെന്നും റോഹൻ പറഞ്ഞു. തന്റെ കാതുകളെ ആദ്യം അവന് വിശ്വസിക്കാനായില്ലെങ്കിലും പിന്നീട് അവനു മനസ്സിലായി ആ പണം എത്തിച്ച 'സുഹൃത്ത്" ആരാണെന്ന്.

---

***04 – 12 – 2022 ന് ഇടവകതലത്തിൽ പാരീഷ് ബുറ്ററിന്റെയും കേന്ദ്ര കുടുംബ കൂട്ടായ്മ സമിതിയുടെയും ആഭിമുഖ്യത്തിൽ നടത്തിയ സാഹിത്യ മത്സരങ്ങളിൽ കാറ്റിക്കിസം വിഭാഗത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ഉപന്യാസം***

# ശിക്ഷണം ആവശ്യമോ?

**എയ്ഡൻ റോസ് ജോഷി എൽ. എഫ്**

സുഭാഷിതങ്ങൾ 15:10 പറയുന്നതുപോലെ "നേർവഴി വിട്ടുനടക്കുന്നവൻ കർക്കശമായ ശിക്ഷണത്തിന് വിധിയ്ക്കപ്പെടും. ശാസനം വെറുക്കുന്നവൻ മരിക്കും." ശിക്ഷണം ആവശ്യമാണ്. പുതുതലമുറയ്ക്ക് ശിക്ഷണം, മാനസികമായി ഒരു വ്യക്തിയെ തളർത്തുന്ന ഒരു ശൈലിയായിട്ടാണ് കണക്കാക്കുന്നത്. എന്നാൽ അല്പ ശിക്ഷണം ഒരു വ്യക്തിയെ നേർവഴിക്കു നടത്തുന്ന ശൈലിയാണ്. പഴയകാലത്ത് നമ്മൾ നമ്മുടെ പൂർവ്വികർ ശിക്ഷണത്തേക്കുറിച്ച് പറയുന്നത് കേട്ടിട്ടുണ്ടാകും. അത്തരത്തിൽ നാം കേൾക്കുന്ന ശിക്ഷണം പുതുതലമുറയുടെ കുട്ടികൾക്ക് അംഗീകരിക്കാൻ കഴിയാത്തവയാണ്. ശിക്ഷണം എന്ന് പറയുന്നത് ഒരു വ്യക്തി ചെയ്ത തെറ്റ് ആവർത്തിക്കാതിരിക്കാൻ അവരെ ഒന്നു ശകാരിക്കുകയൊ, ഉപദേശിക്കുകയൊ ചെയ്യുക എന്നതാണ്. 4 വയസ്സുമുതൽ 12 വയസ്സുവരെ എങ്കിലും ഒരു കുട്ടി തന്റെ മാതാപിതാക്കളുടെ ശിക്ഷണത്തിൽ വളരണം. എന്തുകൊണ്ടെന്നാൽ അവർ അറിയാത്തതും മുമ്പ് ചെയ്യാത്തതുമായ കുറെ കാര്യങ്ങൾ ചിലപ്പോൾ തെറ്റായിരിക്കാം. ഇത്തരത്തിലുള്ള കാര്യങ്ങൾ മാതാപിതാക്കൾ കുട്ടികളെ പറഞ്ഞും, ശാസിച്ചും ചിലപ്പോൾ അടിച്ചും അവരെ ശിക്ഷണത്തിന് വിധയരാകുന്നു. അതുപോലെയുള്ള കുട്ടികളാണ് വരുംതലമുറയുടെ നല്ല വ്യക്തികളാവുക. എന്നാൽ ഈ തലമുറ ശിക്ഷണത്തെ കണക്കാക്കുന്നത് ഒരു തെറ്റായ മാർഗ്ഗമായിട്ടാണ്. അതുകൊണ്ടുതന്നെയാണ് ഈ തലമുറ നാശത്തിലേക്ക് പോകുന്നത്. മാനസികമായി ഒരു കുട്ടിയെ തളർത്തുകയോ മുറിവേൽപ്പിക്കുകയോ അല്ല ശിക്ഷണം. ഒരു കുട്ടിയെ തന്റെ തെറ്റുകൾ തിരുത്തി വളരുമ്പോൾ എങ്ങനെ പെരുമാറണം എന്നു പറഞ്ഞു ബോധ്യപ്പെടുത്തുന്ന ഒരു മാർഗ്ഗമാണ് ശിക്ഷണം.

ഞാൻ അറിയുന്ന ഈശോ

# തൊട്ടറിഞ്ഞ ഈശോ

സ്നിയ ഡേവീസ്
സെന്റ് മേരീസ് യൂണിറ്റ്

*04 – 12 – 2022 ന് ഇടവകതലത്തിൽ പാരീഷ് ബുറ്ററിന്റെയും കേന്ദ്ര കുടുംബകൂട്ടായ്മ സമിതിയുടെയും ആഭിമുഖ്യത്തിൽ നടത്തിയ സാഹിത്യ മത്സരങ്ങളിൽ കാറ്റിക്കിസം വിഭാഗത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ കവിത*

ഒരു സ്വരം എന്നുള്ളിൽ നിന്നും
ഞാൻ തേങ്ങുമ്പോൾ മെല്ലെ വന്നു
ആരുമറിയാതെ എൻ വേദന ഞാൻ
ഉള്ളില്ലൊതുക്കിയപ്പോൾ ആ സ്വരം
എന്നോടു മാത്രമായി പറഞ്ഞു-
കുഞ്ഞെ എന്തിനു നീ കരയുന്നു.
നിനക്കായി ജീവൻ അർപ്പിച്ച
തിരുമുറിവുകൾ ഏന്തിയ കൈകളാൽ
ഒപ്പിയെൻ കണ്ണീർ എൻ അരികിലായ്
ആ സ്നേഹത്തിൻ രൂപം ഇന്ന്
എൻ മുന്നിലായ് എൻ ഒപ്പം,
“അമ്മ” എന്ന രണ്ടു വാക്കിൽ ഒതുക്കാനാകുമോ?
ഞാൻ എന്നും കാണുന്ന ഈശോയെ.



# ഞങ്ങൾ വരവായി

| രജി. നമ്പർ / ജനന തീയ്യതി | മാമ്മോദീസ തീയ്യതി | പേര്, വിലാസം |
|---|---|---|
| **27/2022** | | |
| 25.11.2019 | 26.12.2022 | പുഞ്ചതലയ്ക്കൽ സോനു സുരേഷ് ജോസ് & രേഷ്മ ജോസഫ് മകൾ അന്ന (നില ആൻ സോനു) |
| **28/12022** | | |
| 16.05.2022 | 26.12.2022 | ചിരിയങ്കണ്ടത്ത് ഡാൽവിൻ & മേജസ് മകൻ ഡേവിഡ് (ക്രിസ് സി. ഡാൽവിൻ) |
| **29/2022** | | |
| 16.05.2022 | 26/12/2022 | മകൾ മേരി (ക്രിസ മരിയ ഡാൽവിൻ) |
| **30/2022** | | |
| 16.05.2022 | 26.12.2022 | മകൾ കൊച്ചുത്രേസ്യ (ക്രിസ്റ്റ മരിയ ഡാൽവിൻ) |

# ഞങ്ങൾ യാത്രയായി

| രജി. നമ്പർ / മരണ തീയ്യതി | പേര്, വിലാസം |
|---|---|
| **20/2022** | |
| 15.12.2022 | കുറ്റിക്കാട്ടിൽ ഔസേഫ് ഭാര്യ ത്രേസ്യ (79) സെന്റ് തോമസ് യൂണിറ്റ് |
| **21/2022** | |
| 18.12.2022 | കാഞ്ഞിരത്തിങ്കൽ പൈലി ജേക്കബ് (69) ക്രിസ്തു രാജ യൂണിറ്റ് |
| **22/2022** | |
| 22.12.2022 | കിടങ്ങത്തുപറമ്പിൽ ജോസഫ് തോമസ് (71) സെന്റ് പീറ്റർ യൂണിറ്റ് |

# ഇടവകയിൽ നിന്നും മാറി പോയവർ

| | |
|---|---|
| **23/2022** | |
| 21/12/2022 | കൊള്ളന്നൂർ പൗലോസ് മകൻ അജി (സെന്റ് പോൾസ് യൂണിറ്റ്) - ഒളരി ഇടവകയിലേക്ക് |

# അടിക്കുറിപ്പ് മത്സരം



**ഈ ചിത്രത്തിനു അനുയോജ്യമായ അടിക്കുറിപ്പ് ജനുവരി 20–ാം തിയ്യതിക്കുമുമ്പ് പാരിഷ് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കണം. ഏറ്റവും നല്ല അടിക്കുറിപ്പിന് സമ്മാനം ഉണ്ടായിരിക്കുന്നതാണ്. (മതബോധന വിദ്യാർത്ഥികൾ പങ്കെടുക്കുക)**

**പേര്** : ..................................................................................

**യൂണിറ്റ്** : ..................................................................................

**ക്ലാസ്** : ..................................................................................

---



ഡിസംബർ മാസത്തെ

അടിക്കുറിപ്പ് മത്സര വിജയി

*എന്റെ കുഞ്ഞേ, ഞാൻ നിന്നെ ആകാശോത്തോളം ഉന്നതിയിൽ എത്തിക്കും.*

ബിന്ദു സി.എ.

സെന്റ് ജോൺസ് കുടുംബകൂട്ടായ്മ





FLAGSHIP STORES: MAIN ROAD, CHAVAKKAD | NEAR VADAKKE STAND, THRISSUR
+91 94478 57788, +91 96453 88881 ttdevassyjewellers.com ttdevassyjewellers

# കട്ടിള നല്ലതാണെങ്കിൽ
# തലമുറകളുടെ കഥകൾ പറയും

Ocean
**LYKE WOOD**
...better than wood

## DOOR & WINDOW
## FRAME



മരത്തിനേക്കാൾ ഉറപ്പേറിയത് | ചിതൽപിടിക്കില്ല | നനഞ്ഞാലും വികസിക്കില്ല

Ocean®
WE GIVE LIFE TO PLASTIC


**OCEAN POLYMER INDUSTRIES PVT. LTD.**
V/35A, Marar Road, Velappaya Medical College P.O, Thrissur-680 596.
Phone: 0487- 2202787 / 88 / 8137009888 / 8137978880
www.theoceangroup.co.in • email: enquiry@theoceangroup.co.in


**FOR TRADE ENQUIRIES CALL: 0487- 2202787**
CUSTOMER CARE : 8137009888

nirmala hiprint Ph : 0487 2387393